# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2012 ഡിസംബർ 11, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു)

1 (*31) ഗാഡ്ഗിൽ ഫോർമുല

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) നൽകിയ മറുപടിയിൽ, കേന്ദ്ര വൈദ്യുത പദ്ധതികളിൽ നിന്നും ഗാഡ്ഗിൽ ഫോർമുല പ്രകാരം 958.33 മെഗാവാട്ടും അൺഅലോക്കേറ്റഡ് വിഹിതമായി 264.07 മെഗാവാട്ടും കേരളത്തിന് ലഭിക്കുന്നുണ്ടെന്നും 100 മെഗാവാട്ടുകൂടി അൺഅലോക്കേറ്റഡ് വിഹിതമായി അനുവദിക്കാമെന്ന് കേന്ദ്രഗവൺമെന്റ് സമ്മതിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കേന്ദ്ര വൈദ്യുത പദ്ധതികളുടെ ശേഷിയുടെ 75% വിവിധ സംസ്ഥാനങ്ങൾക്ക് വീതിച്ചു നൽകുകയും 10% പദ്ധതിയുടെ ആഘാതമനുഭവിക്കുന്ന സംസ്ഥാനങ്ങൾക്കു നൽകുന്നതിനും 15% കേന്ദ്ര ഗവൺമെന്റ് വിവേചനാധികാരം ഉപയോഗിച്ച് അവശ്യഘട്ട

ങ്ങളിൽ സംസ്ഥാനങ്ങൾക്ക് നൽകുന്നതിനുമായി മാറ്റി വച്ചിരിക്കുകയുമാണ്. മാറിവരുന്ന ഘടകങ്ങൾക്കനുസൃതമായി കേന്ദ്ര പദ്ധതികളിൽനിന്നും സംസ്ഥാനങ്ങൾക്കുള്ള വിഹിതം പുനർനിർണ്ണയിക്കാറുമുണ്ട്. ഇപ്രകാരം രണ്ടായിരാമണ്ടിൽ നിലവിൽ വന്ന താൽച്ചർ പദ്ധതിയിൽ നിന്നുള്ള കേരള ത്തിന്റെ കേന്ദ്ര വിഹിതം 14% ആയിരുന്നു. 2011-ൽ നെയ്‌വേലി ലിഗ്നൈറ്റ് കോർപ്പറേഷന്റെ പുതിയ പദ്ധതിയിൽ നിന്നും 3.24% വിഹിതം മാത്രമാണ് ലഭിച്ചത്. കേന്ദ്ര വൈദ്യുത പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ സംസ്ഥാന ത്തിന്റെ ആവശ്യകത കണക്കാക്കി അതിനനുസൃതമായി വൈദ്യുതി വിഹിതം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കേന്ദ്രത്തിന് നിവേദനം സമർപ്പിക്കുകയും ആവശ്യമായ സമ്മർദ്ദം ചെലുത്തുകയും ചെയ്യാറുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. കൂടംകുളം ആണവനിലയത്തിൽ നിന്നുള്ള സംസ്ഥാന വിഹിതമായ 266 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കുന്നതിന് പള്ളിക്കരയിൽ ഒരു 400 കെ.വി. സബ്സ്റ്റേഷനും പള്ളിക്കര മുതൽ മാടക്കത്തറ വരെ 400 കെ.വി. പ്രസരണ ലൈനും, തിരുനെൽവേലി മുതൽ ഇടമൺ വരെ 400 കെ.വി. പ്രസരണ ലൈനും പവർ ഗ്രിഡ് കോർപ്പറേഷൻ നിർമ്മിച്ച് കമ്മീഷൻ ചെയ്തുകഴിഞ്ഞു. ഉദുമൽ-മാടക്കത്തറ 400 കെ.വി. ലൈൻ പാലക്കാട് ടാപ്പ് ചെയ്ത് ഇലപ്പുള്ളി യിൽ പവർഗ്രിഡ് കോർപ്പറേഷന്റെ ഒരു 400 കെ.വി. സബ്സ്റ്റേഷനും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. പള്ളിക്കരയിൽ നിന്നും ബ്രഹ്മപുരം സബ്സ്റ്റേ ഷനിലേയ്ക്കുള്ള 220 കെ.വി. ലൈനിന്റെ നിർമ്മാണം 2013 ഫെബ്രുവരി യോടെ കെ.എസ്.ഇ.ബി. പൂർത്തിയാക്കുന്നതാണ്. ഇടമൺ മുതൽ കൊച്ചി (പള്ളിക്കര) വരെയുള്ള 400 കെ.വി. ലൈനിന്റെ നിർമ്മാണ പ്രവൃത്തികൾ

എറണാകുളം, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ കർഷകരുടെ എതിർപ്പു കാരണം തടസ്സപ്പെട്ടിരിക്കുകയാണെങ്കിലും പവർഗ്രിഡ് കോർപ്പറേഷനുമായി സംസാരിച്ച് ഇക്കാര്യത്തിൽ എത്രയും വേഗം തീരുമാനമെടുക്കുന്നതാണ്. കൂടംകുളത്തുനിന്നുള്ള വൈദ്യുതി ഉദുമൽ - മാടക്കത്തറ 400 കെ.വി. ലൈൻ വഴി കൊച്ചിയിലെത്തിക്കുന്നതിന് ഭീമമായ പ്രസരണ നഷ്ടം വരുമെന്നതിനാൽ അത് പരമാവധി കുറച്ച് വൈദ്യുതി കൊച്ചിയിൽ എത്തിക്കാനായി ഇടമൺ - പള്ളിക്കര 400 കെ.വി. ലൈനിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കേണ്ടതുണ്ട്. ആയതിനാൽ ഇടമൺ കൊച്ചി-സെക്ടറിലെ ഭൂവുടമകൾ/കർഷകരുമായും ബന്ധപ്പെട്ട ജനപ്രതിനിധികളുമായും ചർച്ചകൾ നടത്തി അടിയന്തരമായി പ്രശ്നങ്ങൾ പരിഹരിച്ച് പ്രസരണ ലൈനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ നടപടി സ്വീകരിച്ചുവരികയാണ്. ആയത് പൂർത്തിയായാൽ ഒരു പവർ ഹൈവേ നമ്മുടെ സംസ്ഥാനത്തുണ്ടാകും. വൈദ്യുതി വാങ്ങുന്ന കാര്യത്തിൽ വളരെ സൂക്ഷ്മതയോടെയാണ് പ്രവർത്തിക്കുന്നതെന്നും നിലവിലുള്ള ലോഡ്ഷെഡ്ഡിംഗ് സമയം വർദ്ധിപ്പിക്കേണ്ട ആവശ്യമില്ലെന്നും പ്രതിവർഷം 2400 കോടി രൂപ ബോർഡിന് നഷ്ടമുണ്ടാകുന്നുണ്ടെങ്കിലും പവർ കട്ട് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ലെന്നും വൈദ്യുതി പാഴാക്കുന്നതിനെതിരെ ശക്തമായ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണെന്നും ഈ വർഷം 10 മെഗാവാട്ട് സോളാർ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനായി ഗവൺമെന്റ് ഊർജ്ജിത പരിപാടികൾ ആസൂത്രണം ചെയ്യുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

2(*32) <u>പങ്കാളിത്ത പെൻഷൻ</u>

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) നൽകിയ മറുപടിയിൽ, സമൂഹത്തിലെ ഓരോ തലമുറയും ഉപയോഗിക്കുന്ന സേവനങ്ങൾക്കുള്ള പ്രതിഫലം അടുത്ത തലമുറയുടെ ബാധ്യതയാക്കി മാറ്റാൻ പാടില്ലെന്ന പൊതുതത്ത്വമാണ് പങ്കാളിത്ത പെൻഷന്റെ അടിസ്ഥാനപ്രമാണമെന്ന് സഭയെ അറിയിച്ചു. പെൻഷനും അനുബന്ധ ആവശ്യങ്ങൾക്കുമായുള്ള ചെലവുകൾ 2001-02 വർഷത്തെ അപേക്ഷിച്ച് 2012-13-ൽ നാലിരട്ടിയിലധികം വർദ്ധിച്ച സാഹചര്യത്തിലും ഈ നിലയിൽ മുന്നോട്ടുപോയാൽ സംസ്ഥാന സർക്കാരിന് പെൻഷൻ ബാധ്യത നിറവേറ്റാൻ കഴിയാതെ വരാൻ സാധ്യതയുള്ളതിനാലും കേന്ദ്ര ഗവൺമെന്റും രണ്ട് സംസ്ഥാനങ്ങൾ ഒഴികെയുള്ള മറ്റെല്ലാ സംസ്ഥാനങ്ങളും പങ്കാളിത്ത പെൻഷൻ 01-01-2004 മുതൽ നടപ്പിലാക്കിക്കഴിഞ്ഞ സാഹചര്യത്തിലുമാണ് 01-04-2013 മുതൽ നിയമിക്കപ്പെടുന്നവർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചത്. മുഖ്യമന്ത്രി ജീവനക്കാരുടെ പ്രതിനിധികളുമായി ചർച്ച ചെയ്ത് ആശങ്കകൾ ദൂരീകരിച്ചിട്ടുണ്ട്. 10% സർക്കാർ വിഹിതം അടയ്ക്കുന്നത് ഹ്രസ്വകാലാടിസ്ഥാനത്തിൽ സർക്കാരിന് സാമ്പത്തിക ബാധ്യതയാണെങ്കിലും ദീർഘകാലാടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ ധനകാര്യസ്ഥിതി തകരാതെ പരിരക്ഷിക്കുവാനും ദേശീയ മുഖ്യധാരയിൽ ചേർന്നുനീങ്ങുവാനും ഉപകരിക്കും. പെൻഷൻഫണ്ടിന്റെ മാനേജ്മെന്റ് സംബന്ധിച്ച് ജീവനക്കാരുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്. പങ്കാളിത്ത പെൻഷൻ ഫണ്ടിൽനിന്ന് നിശ്ചിത തുക എൻഷ്വർ ചെയ്യുന്നതിന്

നിയമനിർമ്മാണമോ ചട്ടരൂപീകരണമോ കേന്ദ്ര ഗവൺമെന്റ് ആലോചിക്കുന്നുണ്ടെന്നും കേന്ദ്രഗവൺമെന്റ് നിർദ്ദേശിക്കുന്ന രീതിയിൽ സംസ്ഥാനങ്ങൾ ഇൻവെസ്റ്റ് ചെയ്യേണ്ടിവരുമെന്നും ജീവനക്കാരുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനും സംസ്ഥാനത്തിന്റെ ഭാവി ഭദ്രതയ്ക്കുംവേണ്ടിയാണ് ഇത് കൊണ്ടുവന്നതെന്നും മന്ത്രിമാർക്കും എം.എൽ.എ.മാർക്കും അവരുടെ പി.എ. മാർക്കും പങ്കാളിത്ത പെൻഷൻ ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കാവുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**3(*33)** <u>പ്രോസിക്യൂഷൻ, നീതിന്യായ സംവിധാനങ്ങളുടെ പരിഷ്കരണം</u>

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) നൽകിയ മറുപടിയിൽ, പ്രോസിക്യൂഷൻ, നീതിന്യായം എന്നീ വ്യവസ്ഥാപിത സംവിധാനങ്ങളിലെ പഴുതുകൾ മുതലെടുത്ത് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുന്ന ക്രിമിനൽ കേസുകളിൽ ചിലതിൽ നിരപരാധികൾ പ്രതി ചേർക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യുന്നുണ്ടെന്നും അതൊഴിവാക്കാനായി കാലാകാലങ്ങളിൽ നിയമപരിഷ്കരണ നടപടികളും പോലീസ്/പ്രോസിക്യൂഷൻ/ജുഡീഷ്യറി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് വിവിധ വിഷയങ്ങളിൽ സമഗ്ര പരിശീലനത്തിനുള്ള നടപടികളും സർക്കാർ കൈക്കൊണ്ടിട്ടുണ്ടെന്നും കേരളാ ജുഡീഷ്യൽ അക്കാഡമിയിൽ വിവിധ നിയമങ്ങളെക്കുറിച്ച് തുടർച്ചയായി പരിശീലനം നൽകിവരുന്നുണ്ടെന്നും ഇത്തരം നടപടികൾമൂലം നിലവിലുള്ള സംവിധാനത്തിലെ പഴുതുകൾ പരിഹരിക്കപ്പെടുമെന്നു കരുതുന്നുവെന്നും സഭയെ അറിയിച്ചു. പോലീസ് സംവിധാനത്തിലെ അഡ്മിനിസ്ട്രേഷനും ഇൻവെസ്റ്റിഗേഷനും രണ്ടാക്കിമാറ്റുന്നതിനായി നിയമനിർമ്മാണം

നടത്തുന്നതിനെപ്പറ്റി സർക്കാർ ആലോചിക്കുന്നതാണ്. കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ കോടതികളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കോടതി കെട്ടിടങ്ങൾ പുനരുദ്ധരിക്കുന്നതിനും കെട്ടിക്കിടക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് പുതിയ കോടതികൾ സ്ഥാപിക്കുന്നതിനും അവിടെ സ്റ്റാഫിനെ അനുവദിക്കുന്നതിനും നടപടികൾ സ്വീകരിക്കുമെന്നും കോടതിയുടെ അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കും മുൻഗണന കൊടുത്തുകൊണ്ട് കോടതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിഷ്കരിക്കുന്നതിനെപ്പറ്റി ആലോചിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**4(*34)** <u>ബസ് ചാർജ് വർദ്ധനവ്</u>

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) നൽകിയ മറുപടിയിൽ, 11-11-2012 ലാണ് അവസാനമായി ബസ് ചാർജ് വർദ്ധിപ്പിച്ചതെന്നും പെട്രോൾ/ഡീസൽ വിലയിലുണ്ടായ വർദ്ധനവ്, ബസുകളുടെ പ്രവർത്തന ചെലവുകളിലുണ്ടായ വർദ്ധനവ് തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് ബസ് ചാർജ്ജ്, സ്റ്റുഡന്റ്സ് കൺസഷൻ, ഓട്ടോ-ടാക്സി നിരക്കുകൾ, ചരക്കുവാഹന വാടക എന്നിവ വർദ്ധിപ്പിക്കുന്നത് ഉൾപ്പെടെയുള്ള പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയോഗിച്ചിരുന്ന കേരള ഹൈക്കോടതി റിട്ടയേർഡ് ജസ്റ്റിസ് എം. രാമചന്ദ്രൻ ചെയർമാനായും ഗതാഗത കമ്മീഷണർ മെമ്പർ സെക്രട്ടറിയായുമുള്ള ഫെയർ റിവിഷൻ കമ്മിറ്റി നടത്തിയ ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ

സമർപ്പിച്ച സമഗ്ര റിപ്പോർട്ടിലെ ശുപാർശകൾ കണക്കിലെടുത്താണ് ചാർജ് വർദ്ധനവ് നടപ്പിലാക്കിയിട്ടുള്ളതെന്നും സഭയെ അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി 35 മുതൽ 60 വരെയുള്ള ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 363 മുതൽ 718 വരെയുള്ള ചോദ്യങ്ങളിൽ 255 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി)